**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2391** **21-01-2021 - ൽ മറുപടിയ്ക്ക്**

**സബ്‌ട്രഷറിയിലെ പണം തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഒ. രാജഗോപാൽ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം വഞ്ചിയൂർ സബ്‌ട്രഷറിയിൽ നടന്ന പണം തിരിമറിയും തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം ഏതുവരെയായി; എത്ര രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് അന്വേഷണത്തിൽ കണ്ടെത്തിയത്; കുറ്റക്കാർക്ക് എതിരെ എന്ത് നടപടി സ്വീകരിച്ചു; | (എ) | തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റക്കാരനായി കണ്ടെത്തിയ സീനിയർ അക്കൗണ്ടന്റ് ശ്രീ. എം. ആർ. ബിജുലാലിനെ സർവ്വീസിൽ നിന്നും ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ 04/08/2020-ലെ ജി.ഒ(ആർ.ടി)നം.4479/2020/ധന നമ്പർ ഉത്തരവ് പ്രകാരം ഒരു വിദഗ്ധ അന്വേഷണ സമിതിയെ നിയോഗിക്കുകയും, പ്രസ്തുത സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ട്രഷറി സോഫ്റ്റ് വെയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അതുപ്രകാരം അനിവാര്യമായ ക്രമീകരണങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ട്രഷറി വകുപ്പ് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. സമാനമായ ക്രമക്കേടുകൾ ഇനിമേൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള കാര്യക്ഷമമായ ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുന്നതിലേയ്ക്കും ടി വിഷയവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും വിശദമായി പരിശോധിക്കുന്നതിലേയ്ക്കുമായി സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം ട്രഷറി ജോയിന്റ് ഡയറക്ടർ/ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. കൂടാതെ ഈ വിഷയത്തിൻമേൽ വഞ്ചിയൂർ പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. ടി കേസിൽ 61,23,328/- രൂപയുടെ ക്രമക്കേടാണ് നടന്നിട്ടുള്ളത്. ടി ക്രമക്കേട് നടത്തിയ സീനിയർ അക്കൗണ്ടന്റ് ശ്രീ. എം.ആർ.ബിജുലാലിനെ ഇതിനോടകം തന്നെ സർവ്വീസിൽ നിന്ന് ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ഉത്തരവാദപ്പെട്ട ട്രഷറി ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുകയും ടി ഉദ്യോഗസ്ഥരെ സെൻഷ്വർ ചെയ്ത് അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | സമാന തട്ടിപ്പുകൾ മറ്റ് ട്രഷറികളിലും നടന്നിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; അന്വേഷിച്ചിട്ടില്ലെങ്കിൽ അപ്രകാരം അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; | (ബി) | അന്വേഷിച്ചിട്ടുണ്ട്. വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ, സമാനമായ അനധികൃത ഇടപാടുകൾ മറ്റ് ട്രഷറികളിൽ സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാകുന്നതിനായി എല്ലാ ട്രഷറികളിലെയും ഇടപാടുകൾ മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം പരിശോധിക്കുകയുണ്ടായി. എന്നാൽ സമാനമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| (സി) | കുറ്റാരോപിതനായ ജീവനക്കാരൻ ഏതെങ്കിലും സർവ്വീസ് സംഘടനയിലെ അംഗമാണോ? | (സി) | കുറ്റാരോപിതനായ ജീവനക്കാരൻ ഏതെങ്കിലും സർവ്വീസ് സംഘടനയിലെ അംഗമാണോ എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ